പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 36 29.01.2019 ലെ മറുപടിക്ക്

## കയർ ഉല്പന്നങ്ങളുടെ ക്രയവില സ്ഥിരതാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) കയറിന്റേയും കയറുല്പന്നങ്ങളുടേയും വില സ്ഥിരതയ്ക്കു വേണ്ടി വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് (Price Fluctuation Fund Scheme) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കയറും കയർ ഉല്പന്നങ്ങളും സർക്കാർ നിശ്ചയിക്കുന്ന റിബേറ്റ്/ഡിസ്കൗണ്ട് നൽകി കേരളത്തിനകത്തും പുറത്തുമായി വിപണനം നടത്തിവരുന്നു. കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനും പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനും മേളകൾ സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ഉല്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കയറിന്റെയും കയർ ഉല്പന്നങ്ങളുടേയും വില്പനയ്ക്കുള്ള "വിപണി വികസന സഹായം (എം.ഡി.എ)" എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| ബി) കയർ ഉല്പന്നങ്ങളുടെയും ചകിരിയുടെയും വിലസ്ഥിരത ഉറപ്പാക്കുന്നതിനുവേണ്ടിയും വില വ്യതിയാനം പരിഹരിക്കുന്നതിനുവേണ്ടിയും നടപ്പിലാക്കിയിട്ടുള്ള ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും കയർ കോർപ്പറേഷനും ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) ഈ സാമ്പത്തികവർഷം നാളിതുവരെ കയർഫെഡിന് 23,07,92,253/- രൂപയും കയർ കോർപ്പറേഷന് 24.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണി വികസനത്തിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | സി) കയറിന്റെയും, കയർ ഉല്പന്നങ്ങളുടേയും വിപണി വികസനത്തിനായി സർക്കാർ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1) വിപണനം, പ്രചാരണ പരിപാടികൾ, വ്യാപാര മേളകൾ മുതലായവയും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.<br>2) കയറും കയർ ഉല്പന്നങ്ങളുടേയും വില്പനയ്ക്കുള്ള വിപണന വികസന സഹായം (മാർക്കറ്റ് ഡെവലപ്മെൻറ് അസിസ്റ്റൻസ്)<br>3) ഉല്പാദനവും വിപണന പ്രചോദനവും എന്ന പദ്ധതി<br>4) വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട്. |

സെക്ഷൻ ഓഫീസർ